# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1214 — 03.12.2015 -ലെ മറുപടിയ്ക്ക്

## വൈസ് ചാൻസലർമാരുടെ യോഗ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളിൽ വൈസ് ചാൻസലർ നിയമനത്തിന് യു. ജി. സി. നിഷ്കർഷിക്കുന്ന യോഗ്യതകൾ എന്തെല്ലാമാണ്; | (എ) | സർവകലാശാല വൈസ് ചാൻസലർമാരുടെ യോഗ്യത താഴെപ്പറയുന്ന തരത്തിലാവണമെന്നാണ് യു.ജി.സി നിർദ്ദേശിച്ചിരുന്നത്. **"Persons of the highest level of competence , integrity, morals of institutional commitment are to be appointed as Vice -Chancellors . The Vice Chancellor to be appointed should be a distinguished academician with a minimum of ten years of experience as professor in a University system or ten years of experience in an equivalent position in a reputed research level /or academic administrative organization."** അദ്ധ്യാപകരുടെയും വൈസ് ചാൻസലർമാരുടെയും മിനിമം യോഗ്യതക്കുള്ള മാർഗ്ഗ നിർദ്ദേശമായി ഇത് നിലനിർത്തണമെന്ന് ഇപ്പോൾ യ.ജി.സി. നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത യോഗ്യതയില്ലാത്ത വൈസ് ചാൻസലർമാർ ഉണ്ടോ ; എങ്കിൽ എങ്കിൽ ഏതെല്ലാം സർവ്വകലാശാലകളിൽ ആരെല്ലാം | (ബി) | കേരളത്തിലെ സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാർ, അതാതു സർവ്വകലാശാലകളുടെ നിലവിലുള്ള |

| | | | |
|---|---|---|---|
| | എന്ന് വിശദമാക്കാമോ ; യോഗ്യത സംബന്ധിച്ച് വ്യാജരേഖകൾ സമർപ്പിച്ചവരുണ്ടോ ; | | ചട്ടങ്ങൾ (ആക്ടും,സ്റ്റാറ്റ്യൂട്ടും) അനുസരിച്ച് നിയമിക്കപ്പെട്ടിട്ടുള്ളവരാണ്. നിലവിലുള്ള ചട്ടങ്ങൾ അനുശാസിക്കുന്ന രീതിയിൽ യോഗ്യതയുള്ളവരെത്തന്നെയാണ് വൈസ് ചാൻസലർമാരായി നിയമിച്ചിട്ടുള്ളത്. എം.ജി. സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. എ.വി.ജോർജ് ബയോഡേറ്റയിൽ തെറ്റായ വിവരം രേഖപ്പെടുത്തിയതായി കണ്ടെത്തിയിരുന്നു. |
| (സി) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നിയമിക്കപ്പെട്ട വൈസ് ചാൻസലർമാരിൽ പിന്നീട് പുറത്താക്കപ്പെട്ടവരുണ്ടോ ; എങ്കിൽ ആരെല്ലാം ; പുറത്താക്കാനുള്ള കാരണങ്ങൾ എന്തെല്ലാം ; | (സി) | ഉണ്ട്. എം.ജി. സർവ്വകലാശാല വൈസ്ചാൻസലർ ഡോ. എ.വി. ജോർജിനെ പ്രസ്തുത തസ്തികയിൽ നിന്നും നീക്കം ചെയ്തിരുന്നു. സെർച്ച് കമ്മിറ്റിയ്ക്ക് സമർപ്പിച്ച ബയോഡേറ്റയിൽ തെറ്റായ വിവരം രേഖപ്പെടുത്തിയതായി കണ്ടെത്തിയതിനെ തുടർന്നാണ് പുറത്താക്കിയത്. |
| (ഡി) | വൈസ് ചാൻസലർമാരായി നിയമിക്കപ്പെട്ടതിനുശേഷം വിവിധ കേസുകളിൽ അന്വേഷണം നേരിടുന്നവരുണ്ടോ ; എങ്കിൽ ആരെല്ലാം ; | (ഡി) | കോഴിക്കോട് സർവ്വകലാശാല മുൻ വൈസ്-ചാൻസലർ, ഡോ. എം. അബ്ദുൾ സലാം, പ്രോ-വൈസ് ചാൻസലർ പ്രൊഫ. രവീന്ദ്രനാഥ്.കെ. എന്നിവർക്കെതിരെ വിജിലൻസ് കേസിന് കോടതി ഉത്തരവായിട്ടുണ്ട്. |
| (ഇ) | നിലവിലെ കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലർക്ക് യു. ജി. സി. നിഷ്കർഷിക്കുന്ന യോഗ്യതകൾ ഉണ്ടോ ; ? | (ഇ) | ഉണ്ട്. |

**സെക്ഷൻ ഓഫീസർ**